ഉത്തരം

(എ) ഉണ്ട്.

(ബി) മഞ്ചേരി മണ്ഡലത്തിന് കീഴിൽ വിവിധ കാറ്റഗറികളിൽ 2003-04 വർഷത്തിലും 2004-05 വർഷത്തിൽ നാളിതുവരെയും കൊടുത്തിട്ടുള്ള കണക്ഷനുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

	2003-04	2004-05 (നാളിതുവരെ)
ഗാർഹികം	3663	793
വ്യാവസായികം	101	14
കാർഷികം	107	25

എസ്.എൻ.സി. ലാവലിൻ കമ്പനിയ്ക്ക് നൽകിയിരുന്ന വർക്കുകൾ

192 [2685] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

പ്രൊഫ: സാവിത്രി ലക്ഷ്മണൻ:

ശ്രീ. എൻ. ശക്തൻ:

„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിയ്ക്ക് എന്തെല്ലാം വർക്കുകൾ നൽകിയിരുന്നു;

(ബി) ഇവയുടെ ഓരോന്നിന്റെയും തുക എത്ര വീതമായിരുന്നു;

(സി) പ്രസ്തുത കമ്പനിയെ കൺസൾട്ടന്റായി നിയമിച്ചിരുന്നുവോ;

(ഡി) എങ്കിൽ ഏതെല്ലാം വർക്കുകളുടെ കൺസൾട്ടന്റായാണ് നിയമിച്ചത്;

(ഇ) അതിനുള്ള കൺസൾട്ടൻസി ഫീസായി എന്തുതുക കൊടുത്തു;

(എഫ്) അവർക്ക് എന്തെല്ലാം പ്രത്യേക സൗകര്യങ്ങളനുവദിച്ചു;

(ജി) അതിന് എന്ത് ചെലവ് വന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി വകുപ്പിൽനിന്നും പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള കരാർ നൽകിയിരുന്നു.

(ബി) മൊത്തം 5,27,58,740 കനേഡിയൻ ഡോളർ.

(സി) ഉണ്ട്.

(ഡി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണവും കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയും.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കുറ്റ്യാടി എക്സ്റ്റൻഷന്റെ പ്രോജക്ടിന് 41,28,496.33 കനേഡിയൻ ഡോളറും പള്ളിവാസൽ,പന്നിയാർ, ചെങ്കുളം അപ്ഗ്രഡേഷൻ പദ്ധതിയ്ക്ക് 70,17,691.65 കനേഡിയൻ ഡോളറും.

(എഫ്) കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് ഉദ്യോഗസ്ഥൻമാർക്ക് താമസസൗകര്യം, ഓഫീസ് സൗകര്യം, വാഹനം, ടെലിഫോൺ എന്നിവ അനുവദിച്ചു.

(ജി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതിക്ക് നാളിതുവരെ 86,90 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവായ തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

എസ്.എൻ.സി. ലാവലിൻ കമ്പനിയെ സംബന്ധിച്ച വിജിലൻസ് അന്വേഷണം

193 [2686] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു:
,, ടി. എൻ. പ്രതാപൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിയെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് കാര്യത്തെക്കുറിച്ചാണ് അന്വേഷണം നടത്തിയത്;

(സി) ഈ അന്വേഷണം പൂർത്തിയായോ; എങ്കിൽ അതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചോ;

(ഡി) എങ്കിൽ അതിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ഇ) പ്രസ്തുത അന്വേഷണം പൂർത്തിയാകാത്തപക്ഷം ഉടനടി അതു പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ ആന്റ് ഇ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണത്തിനായുള്ള കരാർ എസ്. എൻ. സി. ലാവലിൻ കമ്പനിക്കു നൽകിയതുമായി ബന്ധപ്പെട്ടും ലോവർ പെരിയാർ പ്രോജക്ടിന്റെ കൺസൾട്ടൻസിയുടെ കാലാവധി നീട്ടി കൊടുത്തതു സംബന്ധിച്ചും വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

ചീനവല തൊഴിലാളികളുടെ വൈദ്യുതി താരിഫ്

194 [2687] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീനവല തൊഴിലാളികളുടെ വൈദ്യുതി താരിഫ് 7A എന്ന് വർഗീകരിച്ച വ്യവസായത്തിന് നൽകുന്ന ഇനത്തിൽ ഉൾപ്പെടുത്തുകയും അത് കുറയ്ക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly